**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4229** **18-07-2022 - ൽ മറുപടിയ്ക്ക്**

**എരുമപ്പെട്ടി പഞ്ചായത്തിലെ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി പഞ്ചായത്തിൽ വ്യവസായ പാർക്ക് തുടങ്ങാൻ പഞ്ചായത്ത് സ്ഥലം വിട്ടുനൽകാമെന്ന് അറിയിച്ചിട്ടുണ്ടോ; | (എ) | കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി പഞ്ചായത്തിന്റെ അധീനതയിലുള്ള 10 ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് എരുമപ്പെട്ടി പഞ്ചായത്ത്, തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | അതുപ്രകാരം വ്യവസായ പാർക്ക് ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | എരുമപ്പെട്ടി പഞ്ചായത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 28.09.2021 - ന് സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥലം സന്ദർശിച്ച് പ്രഥമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത സ്ഥലത്ത് വ്യവസായ പാർക്കിനായി വകുപ്പ് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയതെന്ന് വിശദമാക്കാമോ; | (സി) | സ്ഥലത്തിനെ സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ട്, മഹസ്സർ, സ്കെച്ച് എന്നിവ ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിന് നിർദേശം നൽകിയിട്ടുണ്ട്.പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറക്ക് ടി ഭൂമി വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതോടൊപ്പം വകുപ്പിൽ നിലവിലുള്ള പദ്ധതി ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികളും സ്വികരിക്കുന്നതാണ്. |
| (ഡി) | എരുമപ്പെട്ടി പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പാർക്ക് കാലതാമസം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ